ചർച്ച

ന്യൂനപക്ഷ രാഷ്ട്രീയം ചർച്ച അവസാനിക്കുന്നു

# ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ ദിശ നിർണയിക്കേണ്ട നിലപാടുകൾ

ഡോ. മുഹമ്മദ് റഫ്അത്ത്



ഡോ. മുഹമ്മദ് റഫ്അത്ത്

ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം. ജ.ഇ ദൽഹി-ഹരിയാന സംസ്ഥാനങ്ങളുടെ അമീർ. കാൺപൂരിലെ ഐ.ഐ.ടിയിൽനിന്ന് ഊർജതന്ത്രത്തിൽ ഡോക്ടറേറ്റ്. ന്യൂദൽഹിയിൽ ജാമിഅ മില്ലിയ്യ എഞ്ചിനീയറിംഗ് കോളേജിൽ റീഡറായി ജോലി ചെയ്യുന്നു.

**രാജ്യം** മറ്റൊരു പൊതുതെരഞ്ഞെടുപ്പിനെ നേരിടുകയാണ്. വലുതും ചെറുതുമായ രാഷ്ട്രീയ പാർട്ടികളെല്ലാം തെരഞ്ഞെടുപ്പ് ഗോദയിലുണ്ട്. രാഷ്ട്രീയമായി ഏതെങ്കിലും തരത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന വ്യക്തികളും ചെറുഗ്രൂപ്പുകളും വരെ രംഗത്തിറങ്ങിയിരിക്കുന്നു. ഇന്ത്യൻ മുസ്‌ലിംകളുടെ മുമ്പിലും ശക്തമായ ആ ചോദ്യം ഉയർന്നുകഴിഞ്ഞു: അടുത്ത തെരഞ്ഞെടുപ്പിൽ അവരുടെ റോൾ എന്താണ്?

ഇന്ത്യൻ മുസ്‌ലിംകളുടെ റോൾ നിർണയിക്കുന്നതിന് മുമ്പ്, അവരുടെ അടിസ്ഥാന നിലപാട് എന്തായിരിക്കണം എന്ന് നിർണയിക്കണം.

ചിലയാളുകളുടെ വീക്ഷണത്തിൽ ഇന്ത്യൻ സമൂഹത്തിലെ ഒരു വിഭാഗം മാത്രമാണ് മുസ്‌ലിംകൾ. അവരുടെ റോൾ എന്ത് എന്ന കാര്യത്തിലും ഈയാളുകൾക്ക് മറുപടിയുണ്ട്. ഓരോരുത്തനും അവനവന് ഇഷ്ടപ്പെട്ട രാഷ്ട്രീയ പാർട്ടിയിൽ ചേരുകയും എന്നിട്ട് തെരഞ്ഞെടുപ്പ് വരുമ്പോൾ ആ രാഷ്ട്രീയ പാർട്ടിയെ ശക്തിപ്പെടുത്തുകയും ചെയ്യുക.

മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം, പിന്നാക്ക-മർദിത വിഭാഗങ്ങളിൽ പെടുന്നവരാണ് ഇന്ത്യൻ മുസ്‌ലിംകൾ. പിന്നാക്കാവസ്ഥ ഇല്ലാതാക്കാനും അവകാശങ്ങൾ നേടിയെടുക്കാനും അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ധാരണയിലെത്തുകയോ അല്ലെങ്കിൽ മറ്റു പിന്നാക്ക വിഭാഗങ്ങളുമായി ചേർന്ന് ഒരു സമ്മർദ ഗ്രൂപ്പായി നിലകൊള്ളുകയോ ചെയ്യുക. നീതിനിഷേധിക്കപ്പെട്ട മുഴുവൻ വിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

മൂന്നാമത്തെ വിഭാഗം പറയുന്നു, മതകീയ സ്വത്വമുള്ള ന്യൂനപക്ഷമാണ് മുസ്‌ലിംകൾ. ആ മതകീയ ഐഡന്റിറ്റി കാത്തുസൂക്ഷിക്കുക എന്നതാവണം അവരുടെ അടിസ്ഥാന ലക്ഷ്യം. ഇതിന് അനുരൂപമാവുന്ന വിധമാവണം അവരുടെ റോൾ എന്ത് എന്ന് നിർണയിക്കേണ്ടത്.

### ഉത്തമ സമുദായം

മേൽ കൊടുത്ത മറുപടികൾ ഒന്നുകിൽ അബദ്ധമാണ്; അല്ലെങ്കിൽ അർധ

ജാതീയമായ ഭരണവ്യവസ്ഥയാണ് ഇവിടെ അസമത്വങ്ങൾ സൃഷ്ടിക്കുന്നത്. ഈ അസമത്വങ്ങൾ എങ്ങനെ ഇല്ലായ്മ ചെയ്യാം? ദലിത് പ്രസ്ഥാനങ്ങൾ ചോദിക്കാതെ പോയ ഇതിനേക്കാൾ പ്രാധാന്യമുള്ള മറ്റൊരു ചോദ്യവും ഉണ്ട്. ജാതിവ്യവസ്ഥയുടെ ഇരകളായിത്തീർന്നവരുടെ മനുഷ്യരെന്ന നിലക്കുള്ള മഹത്വവും ആദരവും എങ്ങനെ വീണ്ടെടുക്കാൻ കഴിയും? ഈ രണ്ട് ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ട ബാധ്യത മുസ്‌ലിംകൾക്കുണ്ട്.

സത്യമാണ്. ഒരു വിശ്വമാനവിക ദൗത്യത്തിന്റെ കൊടിവാഹകർ എന്നതത്രെ മുസ്‌ലിംകളുടെ യഥാർഥ നില. ഈ ദൗത്യം ഏറ്റെടുക്കാൻ നിയോഗിതരായ ഉത്തമ സമുദായത്തിന്റെ ഇന്ത്യയിൽ ജീവിക്കുന്ന ഭാഗമാണ് അവർ. മനുഷ്യർക്ക് വഴികാട്ടുകയാണ് അവരുടെ ചുമതല. അവർ എങ്ങോട്ട് വഴികാട്ടുന്നുവോ അത് നന്മയുടെ പാതയായിരിക്കും. ഈയൊരു മൗലിക നിലപാടിൽനിന്നുകൊണ്ടാവണം അവരുടെ സകല വ്യവഹാരങ്ങളും രൂപപ്പെടേണ്ടത്.

'ഉത്തമ സമുദായം' ആയതുകൊണ്ട് അവർ ചില അടിസ്ഥാന ധർമങ്ങൾ സദാ നിർവഹിച്ചുകൊണ്ടിരിക്കണം; ബാഹ്യവും ആഭ്യന്തരവുമായ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നാലും ശരി. സദാ നിർവഹിക്കപ്പെടുന്ന ഈ അടിസ്ഥാന ധർമങ്ങളാണ് മുസ്‌ലിം സമൂഹത്തെ തിരിച്ചറിയാനുള്ള അടയാളക്കുറി. അവയെ നമുക്ക് സമൂഹത്തിന്റെ അജണ്ടയെന്ന് വിളിക്കാം. നാല് ധർമങ്ങളാണ് അവയിൽ പ്രധാനം.

ഒന്ന്, ഇസ്‌ലാമിന് വേണ്ടി ഏതേത് മണ്ഡലങ്ങളിൽ പ്രവർത്തിക്കാൻ സാധ്യമാണോ, ആ രംഗങ്ങളിലൊക്കെ ആത്മാർഥമായ പ്രവർത്തനം കാഴ്ച വെക്കുക.

രണ്ട്, ഈ പ്രവർത്തനം സാധ്യമാവാത്ത മേഖലകളുണ്ടെങ്കിൽ, അവിടെ ഇസ്‌ലാമിക പ്രബോധനത്തിന് അനുയോജ്യമായ സാഹചര്യമൊരുക്കുന്നതിന് വേണ്ടി യത്നിക്കുക.

മൂന്ന്, മുഴുവൻ മനുഷ്യരെയും സത്യമാർഗത്തിലേക്ക് ക്ഷണിക്കുക. നന്മ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യുക.

നാല്, നീതിയുടെ കൊടിവാഹകരായി നിലകൊള്ളുക.

ഇതാണ് മുസ്‌ലിം സമൂഹത്തിന്റെ സ്വതന്ത്ര അജണ്ട. ലോകത്തിന്റെ ഏതേത് ഭാഗങ്ങളിൽ മുസ്‌ലിംകളുണ്ടോ, അവിടങ്ങളിലെല്ലാം അവർ പ്രവർത്തന പരിപാടികൾ തയാറാക്കേണ്ടത് ഈ അടിസ്ഥാന അജണ്ട മുമ്പിൽ വെച്ചായിരിക്കണം. ജീവിതാവസ്ഥകൾ എങ്ങനെയൊക്കെ മാറിമറിഞ്ഞാലും ഈ അടിസ്ഥാന സംഗതികൾ കൈവിടാൻ പാടില്ല. ഇതേ നിലപാടുകളിൽ ഊന്നിക്കൊണ്ട് ഇന്ത്യയിലെ മുസ്‌ലിംകളും അവരുടെ രാഷ്ട്രീയവും സാമൂഹികവും മറ്റുമായ അവസ്ഥകൾ മുന്നിൽ വെച്ച് വിശദമായ ഒരു അജണ്ട തയാറാക്കുകയാണ് വേണ്ടത്. ആ അജണ്ടയുടെ ചില വശങ്ങൾ മാത്രമാണ് ഇവിടെ എടുത്തുകാണിക്കുന്നത്.

## മുസ്‌ലിം സാമൂഹികത

'അവർ കാര്യങ്ങൾ പരസ്പരം കൂടിയാലോചിക്കുന്നവരാണ്' എന്ന ഖുർആനിക പരാമർശം മുഹമ്മദ് നബിയുടെ മക്കാ ജീവിതകാലത്ത് തന്നെ വന്നിട്ടുണ്ട്. മുസ്‌ലിംകളുടെ ഇടപെടലുകളും സംഘാടനവുമൊക്കെ എങ്ങനെയാകണം എന്നതിനെക്കുറിച്ച ഒരു അടിസ്ഥാന നിർദേശമാണിത്. വിവിധ മുസ്‌ലിം സംഘടനകളും സ്ഥാപനങ്ങളും വെവ്വേറെ മാറിയിരുന്ന് ആലോചനകൾ നടത്താതെ, കൂട്ടായിരുന്ന് ഒരു പൊതുതെരഞ്ഞെടുപ്പ് അജണ്ട ആവിഷ്കരിക്കണമെന്നാണ് ഈ നിർദേശത്തിന്റെ പൊരുൾ. മുസ്‌ലിം സമൂഹത്തിന്റെ ഉയർന്ന സാമൂഹികബോധം പ്രകടിപ്പിക്കുന്നതുമാകണം ആ നിലപാട്. അത് മുസ്‌ലിം സമൂഹത്തിന്റെ മൗലിക ദൗത്യത്തെ ഉയർത്തിപ്പിടിക്കുന്നതും മുസ്‌ലിം പൊതുതാൽപര്യങ്ങളെ സംരക്ഷിക്കുന്നതുമാകണം. ഏതെങ്കിലും സംഘടനയുടെയോ വ്യക്തിയുടെയോ മേധാവിത്വമല്ല അവിടെ പ്രകടമാവേണ്ടത്.

## ഇസ്‌ലാമിക രാഷ്ട്രീയ സംസ്കാരം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, പ്രായോഗിക ജീവിതത്തിൽ എന്തൊക്കെ തകരാറുകളുണ്ടെങ്കിലും മുസ്‌ലിം ജീവിതത്തിൽ ഇപ്പോഴും ഇസ്‌ലാമിന്റെ രാഷ്ട്രീയ സംസ്കാരം നിലനിൽക്കുന്നുണ്ട്. ഇതിന്റെ തുടർച്ച ഉറപ്പാക്കാൻ കഴിയണം. മുസ്‌ലിംകളെ ഇസ്‌ലാമിക രാഷ്ട്രീയ സംസ്കാരത്തിൽനിന്ന് അടർത്തിമാറ്റുന്ന നീക്കങ്ങൾ ആരുടെ താൽപര്യ സംരക്ഷണത്തിന് വേണ്ടിയാണെങ്കിലും വകവെച്ചുകൊടുക്കാൻ പാടില്ല. ഉദാഹരണത്തിന് ആദ്യകാല ഖലീഫമാർ നേതൃത്വം നൽകിയ ഖിലാഫത്തുർറാശിദയെ ആണ് ഇന്നും മുസ്‌ലിംകൾ മികച്ച ഭരണമാതൃകയായി കാണുന്നത്. മതത്തെ രാഷ്ട്രീയത്തിൽനിന്ന് വേർപ്പെടുത്തണം എന്നല്ല, മതതത്ത്വങ്ങൾക്ക് അനുസൃതമായ രാഷ്ട്രീയം വളർന്നുവരണം എന്നതാണ് അവരുടെ നിലപാട്. ഭൂമിശാസ്ത്ര അതിരുകളെ ഭേദിച്ച് ആദമിന്റെ മക്കൾ, ഏക സമുദായം തുടങ്ങിയ വിശ്വമാനവിക നിലപാടുകൾ അവർ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

ഈ നിലപാടുകൾ നിലനിർത്തണമെങ്കിലും വികസിപ്പിക്കണമെങ്കിലും മുസ്‌ലിംകൾ ഇസ്‌ലാമിക മൂല്യങ്ങൾക്കനുസൃതമായി സംഘടിക്കണം. അത് സാമുദായികമായിട്ടാവരുത്.

## രാഷ്ട്രീയ പ്രവർത്തനത്തിന്റെ ശരിയായ വഴി

നിലവിലുള്ള രാഷ്ട്രീയ പാർട്ടികളെ പിന്തുണച്ചുകൊണ്ടേയിരിക്കുന്നതിന് പകരം, 'സ്വന്തമായ രാഷ്ട്രീയ പാർട്ടി' വേണമെന്ന ചിന്ത മുസ്‌ലിംകൾക്കിടയിൽ ശക്തിപ്പെട്ടിരിക്കുകയാണ്. ഇതിനെ ഒരു ക്രിയാത്മക മാറ്റമായി കാണാം. മറ്റുള്ളവരെ ആശ്രയിക്കുന്നതിന് പകരം സ്വാശ്രയത്വം (self reliance) വേണം എന്ന ചിന്തയാണ് ഇതിനു പിന്നിൽ. എന്നാൽ 'സ്വന്തം രാഷ്ട്രീയ പാർട്ടി'ക്ക് ഇസ്‌ലാമിക ഗുണവിശേഷങ്ങൾ ഉണ്ടാകണമെങ്കിൽ ചില ഉപാധികൾ പാലിച്ചിരിക്കണം. ഇസ്‌ലാമിക ജീവിതദർശനത്തെ ആ പാർട്ടി ഐഡിയോളജിയായി സ്വീകരിക്കണം എന്നതാണ് ഒന്നാമത്തെ ഉപാധി. ഇത് പ്രഖ്യാപിച്ചുകൊണ്ട് തന്നെയാവണം കർമരംഗത്ത് ഇറങ്ങേണ്ടതും.

ഇന്ത്യയിൽ രണ്ടുതരം പാർട്ടികളുണ്ടെന്ന് ആർക്കും കാണാവുന്നതാണ്. ഒരു ഐഡിയോളജി ഉയർത്തിപ്പിടിച്ച് ജനസമൂഹങ്ങളെ ആകർഷിക്കാൻ ശ്രമിക്കുന്ന പാർട്ടികളാണ് ഒരിനം. ഇടത് പാർട്ടികളെ ഈ ഗണത്തിൽ പെടുത്താം. ജാതീയമോ പ്രാദേശികമോ ആയ താൽപര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നവയാണ് രണ്ടാമത്തെ വിഭാഗം; ബി.എസ്.പി, ഡി.എം.കെ പോലുള്ളവ. 'മുസ്‌ലിംകളുടെ പാർട്ടി' ഒരിക്കലും ഈ രണ്ടാം ഗണത്തിൽ പെട്ടുപോകരുത്. ഒന്നാമത്തെ ഗണത്തിലാണ് അത് വരേണ്ടത്. ഇസ്‌ലാമിക ജീവിതദർശനം എന്ന പ്രത്യയശാസ്ത്രമാണ് അത് ഉയർത്തിപ്പിടിക്കേണ്ടത്.

രണ്ടാമത്തെ ഉപാധി ഇതാണ്: മുസ്‌ലിംകൾ വിശ്വസ്തത, സത്യസന്ധത തുടങ്ങിയ ഇസ്‌ലാമിക മൂല്യങ്ങളുടെ ജീവിക്കുന്ന മാതൃകകളായിത്തീരണം. നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ തീരെ ഇല്ലാതായിക്കൊണ്ടിരിക്കുന്നതും ഇത്തരം മൂല്യങ്ങളാണല്ലോ. ഭാവിയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് (vision) ഉണ്ടാവണം എന്നതാണ് മറ്റൊരു ഉപാധി. ഇതിന്റെ അന്തിമ ലക്ഷ്യമായി കാണേണ്ടത് സർവ തുറകളിലുമുള്ള ഇസ്‌ലാമിക സംസ്കാരത്തിന്റെ സംസ്ഥാപനമാണെങ്കിലും, അതിനു മുമ്പുള്ള ഇടക്കാല ഘട്ടങ്ങളും പ്രധാനമാണ്. അവ ഇങ്ങനെ ചുരുക്കിപ്പറയാം.

ഒന്ന്) മുസ്‌ലിംകൾ അവരുടെ ഔഖാഫ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമ്പത്തിക രംഗം, കുടുംബജീവിതം

തുടങ്ങി കഴിയുന്നത്ര മേഖലകൾ ഇസ്‌ലാമിക മൂല്യങ്ങൾക്ക് അനുയോജ്യമാവും വിധം പുനഃസംഘടിപ്പിക്കണം.

രണ്ട്) അതിക്രമങ്ങൾ, നിർലജ്ജത, ഉപഭോഗസംസ്കാരം തുടങ്ങിയ ഇസ്‌ലാമിക മൂല്യങ്ങളോട് നേർക്കുനേരെ ഏറ്റുമുട്ടുന്ന പലതരം പ്രവണതകൾ രാജ്യത്ത് വളർന്നുവരുന്നുണ്ട്. ഇതിന്റെയൊന്നും ഭാഗമായിത്തീരരുത് മുസ്‌ലിം സമുദായം.

മൂന്ന്) അതിക്രമങ്ങൾക്ക് വേണ്ടി രാജ്യത്തിന്റെ ശക്തിയും കഴിവും ഉപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

നാല്) മുഴുവൻ രാജ്യനിവാസികൾക്കും നീതി ലഭ്യമാക്കാൻ വേണ്ടി നിലകൊള്ളുക.

## സുപ്രധാന ചോദ്യങ്ങൾ

രാജ്യത്ത് സുപ്രധാനമായ ചില ചോദ്യങ്ങൾ നിരന്തരം ഉയർത്തപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അവയിലൊന്ന് ദലിത് പ്രസ്ഥാനങ്ങൾ ഉയർത്തുന്നതാണ്. ജാതീയമായ ഭരണവ്യവസ്ഥയാണ് ഇവിടെ അസമത്വങ്ങൾ സൃഷ്ടിക്കുന്നത്. ഈ അസമത്വങ്ങൾ എങ്ങനെ ഇല്ലായ്മ ചെയ്യാം? ദലിത് പ്രസ്ഥാനങ്ങൾ ചോദിക്കാതെ പോയ ഇതിനേക്കാൾ പ്രാധാന്യമുള്ള മറ്റൊരു ചോദ്യവും ഉണ്ട്. ജാതിവ്യവസ്ഥയുടെ ഇരകളായിത്തീർന്നവരുടെ മനുഷ്യരെന്ന നിലക്കുള്ള മഹത്വവും ആദരവും എങ്ങനെ വീണ്ടെടുക്കാൻ കഴിയും? ഈ രണ്ട് ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ട ബാധ്യത മുസ്‌ലിംകൾക്കുണ്ട്.

മറ്റൊരു ചോദ്യം സമകാലിക ലോക സാഹചര്യവുമായി ബന്ധപ്പെട്ടതാണ്. വിവരണാതീതമായ അതിക്രമങ്ങളുമായിട്ടാണ് മുതലാളിത്തത്തിന്റെ രണ്ടാം വരവ്. ഇതിൽനിന്ന് മനുഷ്യരാശിയെ എങ്ങനെ രക്ഷപ്പെടുത്താൻ സാധിക്കും?

വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങി സർവ മേഖലകളെയും ഒരു വിഭാഗം കൈപിടിയിലൊതുക്കി വെച്ചിരിക്കുകയാണ്. എല്ലാ നേട്ടങ്ങളും അവർ സ്വന്തമാക്കിവെക്കുന്നു. അവ രാജ്യനിവാസികളുമായി പങ്കിടാൻ അവർ തയാറല്ല. ഇങ്ങനെ നീതിനിഷേധിക്കപ്പെട്ട് കഴിയുന്ന ഭൂരിപക്ഷത്തെ ശാക്തീകരിക്കാനും അവർക്ക് നീതി വാങ്ങിക്കൊടുക്കാനും എന്തുണ്ട് വഴി? ഇതാണ് മറ്റൊരു ചോദ്യം.

മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കെതിരെ നിലയുറപ്പിച്ച ശക്തമായ ഒരു വിഭാഗം ഇവിടെയുണ്ട്. മുസ്‌ലിം വ്യക്തിനിയമമോ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങളോ അവർ വകവെച്ചുതരികയില്ല. ന്യൂനപക്ഷാവകാശങ്ങൾ ഒന്നൊഴിയാതെ എടുത്തുകളയാൻ ഭരണഘടനയിൽ വൻ ഭേദഗതികൾ വരുത്തണമെന്നാണ് അവരുടെ ആവശ്യം. ഇത്തരം നിഷേധാത്മക ശക്തികളിൽനിന്ന് രാജ്യത്തെ എങ്ങനെ രക്ഷപ്പെടുത്താം?

ഈ ചോദ്യങ്ങൾ രാജ്യത്ത് നിരന്തരം ചോദിക്കപ്പെടുകയും അവയെക്കുറിച്ച് ചർച്ച നടക്കുകയും ചെയ്യുന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ ആ ചർച്ചകളെ നിയന്ത്രിക്കാനും സ്വാധീനിക്കാനുമൊക്കെ ശ്രമിക്കുന്നതായും കാണാം. മുസ്‌ലിംകളും ഈ ചർച്ചകളിൽ ഭാഗഭാക്കാവുകയും ഇസ്‌ലാമിന്റെ മാനവിക കാഴ്ചപ്പാട് ജനസമക്ഷം സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

വാർത്താ മാധ്യമങ്ങളോ രാഷ്ട്രീയ പാർട്ടികളോ ചർച്ചക്കെടുക്കാത്ത വേറെയും സുപ്രധാന ചോദ്യങ്ങളുണ്ട്. ആ ചോദ്യങ്ങളും ഉയർത്തിക്കൊണ്ടുവരേണ്ടത് മുസ്‌ലിംകളുടെ ബാധ്യതയാണ്. ഉദാഹരണത്തിന്, 'വിദ്യാഭ്യാസം എല്ലാവർക്കും' എന്നത് ധാരാളമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. വിദ്യാഭ്യാസം എങ്ങനെയുള്ളതാവണം, വിദ്യാഭ്യാസത്തിലൂടെ ഒരു ഉത്തമ പൗരനെ എങ്ങനെ വാർത്തെടുക്കാം എന്നീ ചോദ്യങ്ങൾ കാര്യമായി ആരും ഉയർത്താറില്ല. മുസ്‌ലിംകൾ ചർച്ചയിലേക്ക് ഈ വശങ്ങൾ കൂടി കൊണ്ടുവരണം.

പല പ്രശ്നങ്ങളും തൊലിപ്പുറമെ മാത്രമേ ചർച്ച ചെയ്യപ്പെടുന്നുള്ളൂ എന്നതും കാണാതിരുന്നു കൂടാ. അഴിമതി, മനുഷ്യാവകാശലംഘനം തുടങ്ങിയ തിന്മകളുടെ അടിസ്ഥാന കാരണങ്ങളിലേക്ക് ചർച്ച ചെന്നെത്തുന്നില്ല. നിർലജ്ജത, ഉപഭോഗ സംസ്കാരം തുടങ്ങിയ പ്രശ്നങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. ഇവിടെയെല്ലാം വിഷയങ്ങളുടെ മർമങ്ങളിലേക്ക് ചർച്ചയെ കൊണ്ടുപോവുക എന്നതായിരിക്കണം സ്വീകരിക്കേണ്ട രീതി.

പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള കാഴ്ചപ്പാട്, മരണാനന്തര ജീവിതം, ദൈവിക മാർഗദർശനത്തിന്റെ അനിവാര്യത തുടങ്ങിയ അടിസ്ഥാന വിഷയങ്ങൾ ചർച്ചായോഗ്യമല്ലെന്ന നിലപാടാണ് പൊതുവെ സ്വീകരിക്കപ്പെടാറുള്ളത്. മുസ്‌ലിംകൾ ഇത്തരം അടിസ്ഥാന വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കൂടി ഉയർത്തിക്കൊണ്ടുവരികയും രാജ്യനിവാസികളെ അതിൽ പങ്കാളികളാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ശ്രമത്തിൽ വിജയിക്കുന്ന പക്ഷം വളരെ ക്രിയാത്മകമായ മാറ്റങ്ങൾ രാജ്യത്ത് സംഭവിക്കും എന്നുതന്നെയാണ് കരുതുന്നത്. ■

**പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള കാഴ്ചപ്പാട്, മരണാനന്തര ജീവിതം, ദൈവിക മാർഗദർശനത്തിന്റെ അനിവാര്യത തുടങ്ങിയ അടിസ്ഥാന വിഷയങ്ങൾ ചർച്ചായോഗ്യമല്ലെന്ന നിലപാടാണ് പൊതുവെ സ്വീകരിക്കപ്പെടാറുള്ളത്. മുസ്‌ലിംകൾ ഇത്തരം അടിസ്ഥാന വിഷയങ്ങളുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ കൂടി ഉയർത്തിക്കൊണ്ടുവരികയും രാജ്യനിവാസികളെ അതിൽ പങ്കാളികളാക്കുകയും ചെയ്യേണ്ടതുണ്ട്.**